എക്സൈസ് : 415.00 കോടി

കടബാദ്ധ്യതയുടെ കണക്ക്

24 (356) ശ്രീ. ഉമ്മൻചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1991 മാർച്ച് 31-ാം തീയതിയും 1996 മാർച്ച് 31-ാം തീയതിയും സംസ്ഥാനത്തിന്റെ കടബാദ്ധ്യത എത്ര കോടി വീതമായിരുന്നു;

(ബി) 2000 മാർച്ച് 31-ാം തീയതി സംസ്ഥാനത്തിന്റെ കടബാദ്ധ്യത എത്രയാണന്ന് കണക്കാക്കിയിരിക്കുന്നത്;

(സി) 2001 മാർച്ച് 31-ാം തീയതി കടബാദ്ധ്യത എത്രയായിരിക്കുമെന്നാണ് കണക്കാക്കിയിരിക്കുന്നത്;

(ഡി) 1991 ലും 1996 ലും സംസ്ഥാനത്തിന്റെ പലിശ ബാദ്ധ്യത എത്ര വീതമായിരുന്നു;

(ഇ) ഏറ്റവും ഒടുവിലത്തെ ലഭ്യമായ കണക്കുകളനുസരിച്ച് സംസ്ഥാനത്തിന്റെ പലിശ ബാദ്ധ്യത എത്രയായി വർദ്ധിച്ചു;

ഉത്തരം

(എ) 1991 മാർച്ച് 31 -ാം തീയതി 4716.79 കോടി രൂപയും 1996 മാർച്ച് 31 ാം തീയതി 10,113.54 കോടി രൂപയുമായിരുന്നു സംസ്ഥാനത്തിന്റെ കടബാദ്ധ്യത.

(ബി) 20,176.06 കോടി രൂപയാണെന്ന് കണക്കാക്കിയിരിക്കുന്നു.

(സി) ബഡ്ജറ്റ് രേഖകൾ പ്രകാരം 23,006.90 കോടി രൂപയായിരിക്കുമെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ട്.

(ഡി) 1990-91 സാമ്പത്തിക വർഷം 483.42 കോടി രൂപയും 1995-96 സാമ്പത്തിക വർഷം 924.16 കോടി രൂപയുമായിരുന്നു പലിശ ബാദ്ധ്യത.

(ഇ) 1999-2000 സാമ്പത്തിക വർഷത്തിൽ 1952.27 കോടി രൂപയായി വർദ്ധിച്ചിരുന്നു.

സർക്കാരിന്റെ വായ്പ പലിശയും പിഴപ്പലിശയും

25 (357) ശ്രീ. പി.പി. തങ്കച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം എന്തു തുക വായ്പയായി വാങ്ങിയിട്ടുണ്ട്; എവിടെ നിന്നെല്ലാമാണ് ഈ വായ്പ എടുത്തത്;

(ബി) ഈ വായ്പയുടെ പലിശയും പിഴപലിശയും എത്ര ശതമാനം വീതമാണ്;

(സി) ഈ ഗവൺമെന്റിന്റെ കാലത്ത് അതാത് സമയത്ത് നിലവിലുണ്ടായിരുന്ന വായ്പയും പലിശയും പിഴപലിശയും കൊടുക്കുന്നതിനു വേണ്ടി പുതിയ കടം വാങ്ങേണ്ടതായി വന്നിട്ടുണ്ടോ; എങ്കിൽ ഈ ഇനത്തിൽ എന്തു തുക വായ്പയായി വാങ്ങിയിട്ടുണ്ട്;

(ഡി) 1.12.2000 ൽ വായ്പയിനത്തിലും അതിന്റെ പലിശയിനത്തിലും കൊടുത്തു തീർക്കേണ്ട തുക എത്രയാണ്;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇതിൽ പൊതു മരാമത്ത് വകുപ്പിലേയും ജലസേചന വകുപ്പിലേയും കരാറുകാർക്ക് കൊടുക്കുവാനുള്ള തുക ഉൾപ്പെടുന്നുണ്ടോ;

(എഫ്) ഈ രണ്ട് ഗണത്തിൽപ്പെട്ട കരാറുകാർക്കും കൂടി 1-12-2000 ത്തിലെ കണക്കനുസരിച്ച് കൊടുക്കേണ്ട തുക എത്ര വീതമാണ്?

ഉത്തരം

(എ) ആകെ 10,062.52 കോടി രൂപ കടമായി സ്വരൂപിച്ചിട്ടുണ്ട്.എൽ. ഐ.സി, ജി.ഐ.സി, എൻ.സി.ഡി.സി, നബാർഡ് എന്നിവയിൽ നിന്നും കേന്ദ്ര ഗവൺമെന്റിൽനിന്നും കടം സ്വരൂപിച്ചിട്ടുണ്ട്.

(ബി) -

	പലിശ	പിഴപലിശ
എൽ.ഐ.സി	13.00%	13.00%
ജി.ഐ.സി	13.00%	13.00%
എൻസിഡിസി	14.00%	2.5%
നബാർഡ്	7.5%	2.5%

മറ്റു വായ്പകൾക്ക് കാലാ കാലങ്ങളിൽ നിശ്ചയിക്കുന്ന ശതമാനത്തിൽ പലിശയും പിഴപലിശയും നൽകി വരുന്നു.

(സി) വന്നിട്ടില്ല

(ഡി) അക്കൗണ്ടന്റ് ജനറലിൽ നിന്നും ഈ കണക്കുകൾ ലഭ്യമായാൽ മാത്രമേ 1-12-2000 ത്തിലെ വിശദാംശം അറിയാൻ കഴിയൂ.

(ഇ) കരാറുകാർക്ക് കൊടുക്കാനുള്ള തുക വായ്പയിനത്തിലോ പലിശയിനത്തിലോ ഉൾപ്പെട്ടതല്ല.

(എഫ്) ഇ യിലെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ഇതിനു ഉത്തരം ഉദിക്കുന്നില്ല.

സർക്കാരിന്റെ കടം

26 (358) ശ്രീ. ഇസ്ഹാക്ക് കുരിക്കൾ :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ സർക്കാരിന്റെ കടബാദ്ധ്യത 2000 നവംബർ മാസം വരെ എത്രയാണ്;

(ബി) കേരളത്തിലെ ഓരോ പൗരനും ഇതനുസരിച്ച് എത്ര രൂപ കടം വരും;

(സി) സർക്കാരിന്റെ ആസ്തിയും കടവുമായി തട്ടിച്ചു നോക്കി കടം എത്ര ശതമാനമാണെന്നു നിശ്ചയിക്കുമോ?

ഉത്തരം

(എ) 2000 നവംബർ മാസം വരെയുള്ള കടബാദ്ധ്യതയെ സംബന്ധിക്കുന്ന കണക്കുകൾ അക്കൗണ്ടന്റ് ജനറൽ പൂർത്തിയാക്കിയിട്ടില്ല.

(ബി,സി) ഉദിക്കുന്നില്ല

LIBRARY ARCHIVES Kerala Legislative Assembly